## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5370 | 26.03.2018-ൽ മറുപടിയ്ക്ക്

### റവന്യൂ അദാലത്തുകൾ

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിതലത്തിൽ നടത്തിയ റവന്യൂ അദാലത്തുകൾക്ക് സമാനമായി ഈ സർക്കാരിന്റെ കാലത്ത് അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ബഹു മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എല്ലാ ജില്ലകളിലും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. എല്ലാ ജില്ലയിലും താലൂക്ക് അടിസ്ഥാനത്തിലാണ് പരാതി പരിഹാര പരിപാടി നടത്തുന്നത് . ജില്ലാ കളക്ടർമാർ നേരിട്ട് പരിപാടിക്ക് നേതൃത്വം നൽകുന്നു. |
| (ബി) വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും, സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) വില്ലേജ്/താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിനായി ചുവടെ ചേർക്കുന്ന ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്.<br>I ഓൺലൈൻ സംവിധാനങ്ങൾ<br>1. ഇ-ഡിസ്ട്രിക്ട്<br>വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഈ പദ്ധതി മുഖേന സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ / തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.<br>2. ആർ. ആർ. ഓൺലൈൻ<br>റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച |

വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ, താലൂക്ക് അധികാരികൾക്ക് ഓൺ ലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. ഇ-പെയ് മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അട യ്ക്കാവുന്ന എല്ലാ പെയ് മെന്റുകളും ഓൺ ലൈൻ വഴി ഒടുക്കുന്നതിനുള്ള സംവിധാന മാണ് ഇത്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ- ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച സമഗ്ര മായ ഒരു 'ഇ-പെയ് മെന്റ് പ്ലാറ്റ് ഫോം' എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

4. സംയോജിത ഓൺലൈൻ പോക്കു വരവ്

ഭൂ സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഈ പദ്ധതി മുഖേന ഓൺലൈൻ ആയി സാദ്ധ്യമാകുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും കുറ്റമറ്റ രീതിയിലും, നടപ്പിലാക്കുകയും ഏകോ പിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി യിട്ടുള്ളത്.

5. ഇ- ഓഫീസ്

കടലാസ് രഹിത ഓഫീസ് പദ്ധതി ആയ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ നടന്നു വരുന്നു.

II സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

റവന്യൂഓഫീസുകളെ ജനകീയമാക്കു ന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസു കളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവിടെ നിന്ന് വേഗത്തിലും (speedy)

ആധുനിക രീതിയിലുള്ള അന്തരീക്ഷ ത്തിലും(Modern) ഉറപ്പായും (Assured) ഉത്തര വാദിത്വത്തോടെയും (Responsible) സുതാര്യ മായും(Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ വില്ലേജ് തല ജനകീയ സമിതിയും ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നുണ്ട്. താലൂക്കാഫീസുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനവും ഏർപ്പെടു ത്തിയിട്ടുണ്ട്.

മുഴുവൻ റവന്യൂ ഉദ്യോഗസ്ഥർക്കും ഐ. എൽ. ഡി. എം മുഖേന റവന്യൂ വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ പരിശീലനം നൽകുന്നുണ്ട്. ഇതോടൊപ്പം പെരുമാറ്റ മാറ്റത്തിന് ആവശ്യമായ പരിശീ ലനത്തിനും മുൻഗണന നൽകിവരുന്നു. ഓഫീസുകളുടെ പ്രവർത്തനവും, കാര്യക്ഷമ തയും പരിശോധിക്കുന്നതിന് റവന്യൂ വിജിലൻസ്, ഓഡിറ്റിംഗ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തി.

**സെക്ഷൻ ഓഫീസർ**